# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം - 4489 | 27/06/2013 ൽ മറുപടിക്ക്

## വയനാട് ചുരം റോഡിന് ബദൽ റോഡ് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. വി. ശ്രേയാംസ് കുമാർ** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) വയനാട് ചുരം റോഡിന് ബദൽ റോഡ് നിർമ്മിക്കുന്നതിന് ഏതെല്ലാം പ്രൊപ്പോസലുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) കോഴിക്കോട് റോഡ്സ് ഡിവിഷന്റെ കീഴിലുള്ള ചിപ്പിലിത്തോട്-മരുതിലാവ്-തളിപ്പുഴ റോഡ് ( 14.34 കി.മീ) വയനാട് ചുരം റോഡിന് ബദൽ റോഡായി വികസിപ്പിക്കുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത പ്രൊപ്പോസലുകൾക്ക് കഴിഞ്ഞ രണ്ട് വർഷങ്ങളിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ ; | (ബി) ചിപ്പിലിത്തോട് മുതൽ മരുതിലാവ് വരെയുള്ള ഭാഗത്ത് സ്ഥലം ഏറ്റെടുക്കുന്നതിനായി 2011-12 ലെ ബജറ്റിൽ നൂറ് രൂപയും 2012-13 ലെ ബജറ്റിൽ 11.42 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. |
| (സി) ഏതെല്ലാം പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് ഈ റോഡുകൾ വികസിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനപദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. |

---

സെക്ഷൻ ഓഫീസർ